"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2017-ൽ കാസർഗോഡ് ജില്ലയിൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ട 1031 വ്യക്തികളിൽ അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം നല്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ.(കൈ) നം.6/2026/SJD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. കേസിലെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ ഫയൽ ചെയ്ത 477/11/6/2010 നമ്പർ. കേസിലെ 31.12.2010-ലെ ശിപാർശ/ഉത്തരവ്.
2. ഡെമോക്രാറ്റിക് യൂത്ത് ഫെഡറേഷൻ ഓഫ് ഇൻഡ്യ എന്ന സംഘടന ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു. പി. (സി) നമ്പർ. 213/2011 കേസിന്മേലുള്ള 10.01.2017-ലെ അന്തിമവിധിയും ശ്രീ. ബൈജു. കെ. ജി-യും മറ്റ് പേരും ചേർന്ന് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കൺട്ടെംമ്റ്റ് പെറ്റീഷൻ (സി) നമ്പർ. 244/2021-ൽ പുറപ്പെടുവിച്ച 13.05.2022-ലെ ഇടക്കാലവിധിന്യായവും, 16.05.2023-ലെ അന്തിമവിധിന്യായവും
3. 06.11.2012-ലെ സ. ഉ. (എം.എസ്.) നമ്പർ. 373/2012/ആ.കു.വ. സർക്കാർ ഉത്തരവ്.
4. 24.03.2022-ലെ സ. ഉ. (എം.എസ്.) നമ്പർ. 4/2022/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
5. 18.11.2023-ലെ സ. ഉ. (സാധാ) നമ്പർ. 3046/2023/ആ.കു.വ. സർക്കാർ ഉത്തരവ്.
6. കാസർഗോഡ് ജില്ലാ കളക്ടറുടെ 08.05.2025, 26.06.2025, 17.12.2025 എന്നീ തിയതികളിലെ ഡി.സി.കെ.എസ്.ജി.ഡി./4683/2025-ഇ.സി.1. നമ്പർ കത്തുകൾ.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.05.2025-ലെ ഡി.എച്ച്.എസ്/11375/2023-പി.എച്ച്.3. നമ്പർ കത്ത്.
8. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.12.2025-ലെ കെ.എസ്.എസ്.എം./1480/2025-പി.എസ്.2 നമ്പർ കത്ത്.
9. 05.02.2026-ലെ സ. ഉ. (സാധാ) നമ്പർ. 1121/2026/ധന സർക്കാർ ഉത്തരവ്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ കേരളയുടെ ഉടമസ്ഥയിലുള്ള വിവിധ കശുമാവിൻ തോട്ടങ്ങളിൽ 1978 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ എൻഡോസൾഫാൻ കീടനാശിനി തളിക്കുകയുണ്ടായി. പിന്നീട് ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള ആളുകളിൽ ഈ കീടനാശിനിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതിന്റെ ഉപയോഗം ഏറ്റവും ദോഷകരമായി ബാധിച്ച കാസർഗോഡ് ജില്ലയിലെ 1. അജാനൂർ 2. ബെള്ളൂർ 3. ബദിയഡുക്ക 4. എൻമകജെ 5. കള്ളാർ 6. കാറഡുക്ക 7. കയ്യൂർ-ചീമേനി 8. കമ്പഡാജെ 9. മുളിയാർ 10. പനത്തടി 11. പുല്ലൂർ-പെരിയ എന്നീ 11 ഗ്രാമ പഞ്ചായത്തുകളെ ദുരിതബാധിത പ്രദേശമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി എൻഡോസൾഫാൻ സെല്ലിന്റെ നേതൃത്വത്തിൽ 2010, 2011, 2013, 2017 എന്നീ വർഷങ്ങളിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ നിന്നും 6727 പേരെ ദുരിതബാധിതരായി കണ്ടെത്തുകയുണ്ടായി. നിലവിൽ 6600 പേരാണ് കാസർഗോഡ് ജില്ലയിൽ നിന്നും ദുരിതബാധിത ലിസ്റ്റിൽ ഉള്ളത്. കാസർഗോഡ് ജില്ലാ കളക്ടറേറ്റ്, സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ, ആരോഗ്യ വകുപ്പ് എന്നിവ മുഖേന ദുരിതബാധിതർക്കായി വിവിധ പദ്ധതികൾ ദേശീയമനുഷ്യാവകാശ കമ്മീഷന്റെ പരാമർശം-1 ശിപാർശ/ഉത്തരവിലേയും പരാമർശം 2-ലെ ബഹു സുപ്രീംകോടതിയുടെ അന്തിമവിധികളുടേയും അടിസ്ഥാനത്തിൽ പരാമർശം 3, 4 സർക്കാർ ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

2. കീടനാശിനി തളിക്കുന്ന കാലഘട്ടത്തിൽ ദുരിതബാധിത പഞ്ചായത്തുകളായി സർക്കാർ കണക്കാക്കിയ 11 ഗ്രാമപഞ്ചായത്തുകളിൽ ജീവിച്ചിരുന്നവർ ആണെങ്കിൽ അത് സംബന്ധിച്ച രേഖകളുടെയും മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരുടെ Biological Plausibility (ജീവശാസ്ത്രപരമായി യാഥാർത്ഥ്യമെന്ന് തോന്നുന്ന) സംബന്ധിച്ച രേഖകളുടെയും വിശകലനം നടത്തിയാണ് എൻഡോസൾഫാൻ ദുരിതബാധിത പട്ടിക ദേശീയ ആരോഗ്യ ദൗത്യം, കാസർഗോഡ് ജില്ല മുഖേന തയ്യാറാക്കിയിരുന്നത്.

3. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനായി 2017-ൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. പട്ടികയിൽ ഉൾപ്പെടുത്തുവാനുള്ള മെഡിക്കൽ ക്യാമ്പിൽ അപേക്ഷകൾ മൂന്നു ഘട്ടമായാണ് പരിശോധന നടന്നത്. ആദ്യ ഘട്ട മെഡിക്കൽ പരിശോധനയുടെയും ഫീൽഡ് തല പരിശോധനയുടെയും അടിസ്ഥാനത്തിൽ എൻഡോസൾഫാനുമായി ബന്ധപ്പെടുത്താൻ സാധ്യതയുള്ള 1905 പേരെയാണ് ലിസ്റ്റ് ചെയ്തിരുന്നത്. ഇതിൽ, മൂന്നാംഘട്ട ഫീൽഡ് വെരിഫിക്കേഷനു ശേഷം 874 പേർ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള 1031 പേർ എൻഡോസൾഫാൻ മൂലം ഉണ്ടാകാൻ സാധ്യതയുള്ള രോഗം ബാധിച്ചവരുടെ

പട്ടികയിൽ ഉൾപ്പെട്ടെങ്കിലും ഫീൽഡ് വെരിഫിക്കേഷൻ കഴിഞ്ഞപ്പോൾ എൻഡോസൾഫാൻ തളിച്ച കാലയളവിൽ പ്രസ്തുതമേഖലയിൽ താമസിച്ചിരുന്നതായി കണ്ടെത്തുവാൻ കഴിഞ്ഞില്ല, അതിനാൽ അവരെ അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചില്ലെന്ന് കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം 7-പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. എൻഡോസൾഫാൻ ദുരിതബാധിതരായ 1031 പേരെ കാസർഗോഡ് പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തി ധനസഹായം / മറ്റ് വിവിധ സഹായങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് റൂൾ 300-പ്രകാരം ബഹു. മുഖ്യമന്ത്രി ബഹു. കേരള നിയമസഭ മുമ്പാകെ 10.07.2024-ൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 2017-ൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ട 1031 പേരിൽ ധനസഹായം നല്കാൻ ബാക്കിയുള്ള 977 പേരെ എൻഡൊസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നല്കുന്നതിന് കാസർഗോഡ് ജില്ല കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും, ഇതിനായി ഒരാൾക്ക് 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) നിരക്കിൽ 977 പേർക്ക് 48,85,00,000/- രൂപ (നാൽപത്തിയെട്ട് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പരാമർശം 9-ലെ സർക്കാർ ഉത്തരവ് പ്രകാരം 2025-2026 സാമ്പത്തിക വർഷത്തെ 2235-60-200-72-04-(P) Kerala Social Security Mission Comprehensive Package for the Victims of Endosulfan" എന്ന ശീർഷകത്തിൽ അധികധനാനുമതിയായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് കാസർഗോഡ് ജില്ല കളക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ജില്ലാ കളക്ടർ, കാസർഗോഡ്
2. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്. വികാസ് ഭവൻ, തിരുവനന്തപുരം
3.. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ,
പൂജപ്പുര, തിരുവനന്തപുരം
4. ഡയറക്ടർ, ആരോഗ്യ (ഹെൽത്ത് സർവ്വീസസ്) വകുപ്പ്, തിരുവനന്തപുരം
5. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
6. ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ് ജില്ല

7, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കാസർഗോഡ് ജില്ല
8. പൊതുഭരണ (എസ്.സി.) വകുപ്പ് (മന്ത്രിസഭാ യോഗ
തീരുമാനം ഇനം നമ്പർ. 3345 പ്രകാരം)
9. ആരോഗ്യ കുടുംബക്ഷേമ (എൻ) വകുപ്പ്
10. ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (ടി വകുപ്പിന്റെ
05.02.2026-ലെ 3336442/ഡബ്ലിയു.ഡബ്ലിയു.-
ഡബ്ലിയു.ഡബ്ലിയു.2/175/2025/ധൻ നമ്പർ കുറിപ്പ് പ്രകാരം)
11. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
12. തദ്ദേശ-സ്വയം ഭരണ വകുപ്പ്
13. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 24-02-2026 16:29:55
സെക്ഷൻ ഓഫീസർ

പകർപ്പ് :- 1. ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ്
മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്